

Pr. M.V. Simon B.Th, M.Div, M.A 'M.Th'

# വെളിപാട്പുസ്തകം ഒരു പഠനം - ഭാഗം 14

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2പത്രോ. 1:20,21)".

## അധ്യായം 10

### സ്വർഗ്ഗീയദൂതൻ പ്രത്യക്ഷപ്പെടുന്നു

ക്രിസ്തുവിന്റെ പ്രത്യേക പ്രതിനിധിയായി വലിയ അധികാരത്തോടെ ദൈവം അയച്ചിട്ട് കടന്നുവരുന്ന ദൂതനെന്ന് നമുക്ക് വിശ്വസിക്കാം. ഇനി കാലം ഉണ്ടാകയില്ല(10:6) കാലം ഇനിനിലനിൽക്കുകയില്ല, പീഡനകാലം തീരാൻ പോകുന്നു. സഹസ്രാബ്ദകാലം, അന്ത്യന്യായവിധി എല്ലാം ഉടൻ സംഭവിപ്പാൻ പോകുന്നു. ഏഴാം കാഹളം ഊതുമ്പോൾ അവരുടെമേൽ സംഭവിപ്പാൻപോകുന്ന മൂന്നാമത്തെ കഷ്ടം ഒട്ടും താമസിക്കില്ല.

ചെറിയ പുസ്തകം(10:8...11)

ഈ പുസ്തകം യോഹന്നാന് സമ്മാനിപ്പാൻ ദൂതനോട് പറയുന്നു. ഈ പുസ്തകം ഒരു പ്രവചന ഗ്രന്ഥമാണ്. ഇതിന്റെ പ്രത്യേകത നോക്കുക വായിൽ മധുരം, വയറ്റിൽ കൈപ്പ് .ഇത് ദൈവവചനത്തിന്റെപ്രത്യേകത കൂടിയാണ്.

- ദൈവവചനം മാധുര്യമേറിയതാണ് (സങ്കീ.119:103, 19:10)
- ഹൃദയത്തിൽ കുത്തുകൊള്ളുന്നതാണ് (എബ്രാ.4:12; 8:10; അപ്പോ.2:37; ലൂക്കോ.24:32)

ചിലർ മധുരത്തോടെദൂത് കേൾക്കുന്നെങ്കിലും അനുസരിക്കാത്തതിനാൽ അവർക്ക്അത്കൈപ്പായിത്തീരും.